നം.എം.4/76036/11/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി 24.09.2012

**സർക്കുലർ**

വിഷയം : പൊ. വി - പുകയില വിമുക്തവിദ്യാലയം-പ്രവർത്തനങ്ങൾ സംബന്ധിച്ച്

സൂചന : 1. ജി. ഓ (ആർ ടി) നമ്പർ 1479/12/ ആഭ്യന്തരം. തീയതി 17.05.2012

2. സർക്കുലർ നമ്പർ എം 4/76036/2011/ ഡിപിഐ. തീയതി 21.06.2012

3. സർക്കുലർ നം. എം 4/014858/05 ഡി പി ഐ തീയതി 5.03.2005.

ലോകത്താകെ പുകയിലജന്യ രോഗങ്ങളാൽ മരണനിരക്ക് ഉയരുന്നു. മരണത്തിനിടയാക്കുന്ന എട്ട് കാരണങ്ങളിൽ ആറും പുകയില ഉപയോഗം മൂലമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇന്ത്യയിൽ ഓരോ നിമിഷവും പുകയിലജന്യ രോഗങ്ങളാൽ ഒരാൾ വീതം മരിക്കുന്ന ദയനീയ സ്ഥിതി വിശേഷമാണ് ഉള്ളത്. രാജ്യത്ത് 274.9 ദശലക്ഷത്തിലേറെ ആളുകൾ പുകയില ഉൽപ്പന്നങ്ങൾ ഉപയോഗിക്കുന്നു. വായിൽ അർബുദം ബാധിച്ച് മരിക്കുന്ന ലോകത്തെ 80 ശതമാനം പേർ ഇന്ത്യാക്കാരാണ്. ലോകാരോഗ്യ സംഘടനയുടെയും കേന്ദ്ര ആരോഗ്യ - കുടുംബക്ഷേമ മന്ത്രാലയത്തിന്റെയും സഹായത്തോടെ നടത്തിയ ആഗോള യുവജന പുകയില സർവെയിൽ രാജ്യത്തെ 13 നും 15 വയസിനും ഇടയിലുള്ള 14.6 ശതമാനം വിദ്യാർത്ഥികൾ പുകയില ഉപയോഗിക്കുന്നവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

യുവജനങ്ങൾ പുകയില ഉൽപന്നങ്ങളുടെ ഇരയായി തീരുന്നുവെന്നതൊരു ബീഭൽസ യാഥാർത്ഥ്യമാണ്. ഇതിന്റെ ഫലമായി ഹൃദ്രോഗങ്ങൾ, മസ്തിഷ്കരോഗങ്ങൾ, കഠിനമായ ശ്വാസകോശ രോഗങ്ങൾ, ക്ഷയം, ശ്വാസനേന്ദ്രിയത്തിൽ വ്യണം, അർബുദം തുടങ്ങിയ മാരകരോഗങ്ങൾക്ക് പുതുതലമുറ ബലിയാടാവുകയാണ്. ഇതിന് വിരാമമിടാനുള്ള ശക്തമായ പ്രവർത്തനങ്ങൾ അനിവാര്യമാണ്.

അത്യന്തം അപകടകരമായ ഈ സ്ഥിതി വിശേഷം തരണം ചെയ്യാൻ സംസ്ഥാനത്തെ വിദ്യാലയങ്ങൾ പുകയില വിമുക്തമാക്കാനുള്ള നടപടികൾക്ക് സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. പുകയില നിരോധന നിയമം 2003 (കോട്പ) കർശനമായി നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെട്ടിട്ടുണ്ട്. പാൻമസാലയുടെയും ഗുട്കയുടെയും ഉൽപ്പാദനവും വിപണനവും 2012 മേയ് 22 മുതൽ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്.

പുകയില ഉപയോഗം നിരോധിച്ചുകൊണ്ടുള്ള നിയമനിർമ്മാണ (കോട്പ)ത്തിന് ഏറെ വ്യാപ്തിയുണ്ട്. പൊതു സ്ഥലങ്ങളിലെ പുകവലി നിരോധനം (വകുപ്പ് 4), എല്ലാത്തരം പുകയില ഉൽപ്പന്നങ്ങളുടെയും പ്രത്യക്ഷവും പരോക്ഷവുമായ പരസ്യങ്ങൾ പ്രദർശിപ്പിക്കലും പ്രോൽസാഹിപ്പിക്കലും പ്രചോദിപ്പിക്കലും നിരോധിക്കൽ (വകുപ്പ് 5) പുകയില ഉൽപ്പന്നങ്ങളുടെ വിൽപ്പന വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് സമീപവും പ്രായപൂർത്തിയാകാത്തവർക്കും നിരോധിക്കൽ (വകുപ്പ് 6), എല്ലാ പുകയില ഉൽപ്പന്നങ്ങളിലും ആരോഗ്യത്തിന്

ഹാനികരമാണെന്ന് മുന്നറിയിപ്പ് നൽകൽ (വകുപ്പ് 7) തുടങ്ങി ഈ നിയമത്തിലെ വ്യവസ്ഥകൾ ഏറെ ശക്തവും വിപുലവുമാണ്.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം, വിദ്യാലയങ്ങൾ പുകയില വിമുക്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സൂചന 1 പ്രകാരം ത്രിതല സമിതികൾ രൂപീകരിക്കാൻ ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സ്കൂൾ-ജില്ലാ- സംസ്ഥാനതലങ്ങളിലാണ് സമിതികൾ. 'സ്കൂൾ സംരക്ഷണസമിതികൾ' എന്നറിയപ്പെടുന്ന സമിതികളുടെ അധ്യക്ഷൻ വിദ്യാലയത്തിന്റെ പ്രധാനാധ്യാപകനായിരിക്കും. അധ്യാപക-രക്ഷാകർതൃ സമിതി അധ്യക്ഷൻ, മാനേജ്മെന്റ് - അധ്യാപക-രക്ഷാകർതൃസമിതി അധ്യക്ഷൻ, അധ്യാപക -രക്ഷാകർതൃസമിതിയിലെ ടീച്ചർ കോർഡിനേറ്റർ, സ്ഥലം പോലീസ് സബ് ഇൻസ്പെക്ടർ, സ്കൂൾ ലീഡർ എന്നിവരായിരിക്കും സമിതി അംഗങ്ങൾ

പുകയില നിരോധന നിയമം 2003 അനുസരിച്ച് പുകയില വിമുക്ത വിദ്യാലയം എന്ന ബോർഡുകൾ സ്കൂളുകളിൽ പ്രദർശിപ്പിക്കണമെന്ന് സൂചന 2 സർക്കുലറിൽ നിർദ്ദേശിച്ചിരുന്നു.

ഈ സാഹചര്യത്തിൽ താഴെപറയുന്ന നടപടികൾ ഒരു മാസത്തിനുള്ളിൽ കർശനമായി നടപ്പിലാക്കുന്നതിന് നിർദ്ദേശിക്കുന്നു.

1. (ക) ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്കൂൾ സംരക്ഷണ സമിതികളുടെ പ്രതിമാസയോഗങ്ങൾ ചേരുന്നുവെന്ന് പ്രധാനാധ്യപകർ ഉറപ്പുവരുത്തണം.

(ഖ)പുകയില വിമുക്ത വിദ്യാലയ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ ഒരു നോഡൽ ഓഫീസറെ, പ്രധാനാധ്യാപകൻ ചുമതലപ്പെടുത്തണം. ഇത് സംബന്ധിച്ച് കൈക്കൊണ്ട നടപടികൾ അനുബന്ധം 1 പ്രകാരം തയ്യാറാക്കണം.

(ഗ) ഈ റിപ്പോർട്ടുകൾ ജില്ലാ വിദ്യാഭ്യാസ ഓഫീസറും ഡപ്യൂട്ടി ഡയറക്ടറും മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർമാർക്ക് ലഭ്യമാക്കണം.

2. പുകയില നിരോധന നിയമത്തിലെ 4,6 വകുപ്പുകൾ അനുസരിച്ച് പുകയില നിരോധനം സംബന്ധിച്ച് മലയാളത്തിൽ എഴുതിയ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുള്ളതും ഇല്ലാത്തതുമായ വിദ്യാലയങ്ങളുടെ പട്ടിക, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അസിസ്റ്റന്റ് വിദ്യാഭ്യാസ ഓഫീസർമാരുടെയും സഹകരണത്തോടെ അനുബന്ധം 2 പ്രകാരം തയ്യാറാക്കി ലഭ്യമാക്കണം. പ്രദർശിപ്പിക്കേണ്ട ബോർഡുകളുടെ മാതൃക അനുബന്ധം 3 ൽ കൊടുത്തിട്ടുണ്ട്.

3. 21.06.2012 ലെ സർക്കുലറി(നമ്പർ എം 4/76036/2011/ ഡിപിഐ & സർക്കുലർ നം. എം 4/014858/05 ഡി പി ഐ)ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

4. വിദ്യാലയത്തിന്റെ സമീപ പ്രദേശങ്ങളിൽ പുകയില ഉൽപ്പന്നങ്ങൾ ശേഖരിച്ചു വയ്ക്കുകയും വിൽപ്പനനടത്തുകയും ചെയ്യുന്നവരുടെ പട്ടിക പ്രധാനാധ്യപകൻ സ്ഥലം സബ്ഇൻസ്പെക്ടർമാർ മുഖേന പോലീസിന് ലഭ്യമാക്കണം.

5. സ്കൂൾ തലസമിതികളുടെ റിപ്പോർട്ടുകൾ ജില്ലാ പോലീസ് മേധാവിക്ക് ലഭ്യമാക്കുന്നതിന്, പ്രസ്തുത റിപ്പോർട്ടുകൾ സ്ഥലം സബ്ഇൻസ്പെക്ടർമാർക്ക് നൽകുന്നതിന് പ്രധാനാധ്യാപകർക്ക് ഇതിനാൽ അനുമതി നൽകുന്നു.

ബന്ധപ്പെട്ട വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർ, മേൽപറഞ്ഞ റിപ്പോർട്ടുകൾ 2012 നവംബർ 2 ന് മുമ്പ് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

പുകയില വിമുക്ത വിദ്യാലയം പൂർണ്ണമായും പ്രാവർത്തികമാക്കി ശാരീരികവും മാനസികവും ബൗദ്ധികവുമായി കരുത്തുള്ളൊരു പുത്തൻ തലമുറയെ വാർത്തെടുക്കാൻ വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിക്കാം.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

**അനുബന്ധം ക**

**പുകയില വിമുക്തവിദ്യാലയം**

**സ്കൂൾതല സമിതി റിപ്പോർട്ട്**

| | | |
|---|---|---|
| 1 | തീയതി | |
| 2 | വിദ്യാലയത്തിന്റെ പേര് | |
| 3 | 2012 ജൂൺ മുതൽ റിപ്പോർട്ട് കാലയളവിൽ സ്കൂൾ സംരക്ഷണസമിതി യോഗങ്ങൾ ചേർന്ന തീയതികൾ | |
| 4 | സ്കൂൾ സംരക്ഷണ സമിതി അംഗങ്ങളുടെ പേരും മറ്റ് വിവരങ്ങളും | |
| 5 | ഇതുവരെ നടന്ന സ്കൂൾ സംരക്ഷണ സമിതിയോഗങ്ങളിലെ പ്രധാന തീരുമാനങ്ങൾ (യോഗത്തിന്റെ മിനിറ്റ്സ് അന്യത്ര ചേർക്കുക) | |
| 6 | പുകയില വിമുക്തവിദ്യാലയത്തിന് സ്റ്റുഡന്റ് പോലീസ് കാഡറ്റ്സ്, എൻ.സി.സി, സ്കൗട്ട് & ഗൈഡ്, ജൂനിയർ റെഡ്ക്രോസ് എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തുന്നുണ്ടോ? | ഉണ്ട്<br>ഇല്ല |
| 6.1 | ഉണ്ടെങ്കിൽ, അവരുടെ സംഭാവന വിശദീകരിക്കുക | |
| 6.2 | ഇല്ലെങ്കിൽ എന്തുകൊണ്ട്? | |
| 7 | പുകയില നിരോധിത ബോർഡുകൾ സ്കൂളിൽ പ്രദർശിപ്പിച്ചിട്ടുണ്ടോ? | ഉണ്ട്<br>ഇല്ല |
| 7.1 | ഇല്ലെങ്കിൽ, എന്തുകൊണ്ട് | |
| 8 | പുകയില വിമുക്ത പ്രവർത്തനങ്ങൾക്ക് നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ? | ഉണ്ട്<br>ഇല്ല |
| 8.1 | ഉണ്ടെങ്കിൽ അദ്ദേഹത്തിന്റെ പേരും മറ്റ് വിവരങ്ങളും | |
| 8.2 | ഇല്ലെങ്കിൽ, എന്തുകൊണ്ട് ? | |
| 9 | സ്കൂളിൽ നടത്തിയ പുകയില വിരുദ്ധ അവബോധ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ | |

| | | |
|---|---|---|
| 10 | നിർദ്ദേശങ്ങളും അഭിപ്രായങ്ങളും (ആവശ്യമെങ്കിൽ പ്രത്യേകം കടലാസ് ഉപയോഗിക്കുക) | |

റിപ്പോർട്ട് തയ്യാറാക്കിയത് :

ഒപ്പ്, പേര്, സ്ഥാനപേര്

പ്രധാനാധ്യാപകൻ/അധികാരപ്പെടുത്തിയ ആൾ

(ഓഫീസ് മുദ്ര)

# അനുബന്ധം 2

## പുകയില വിമുക്ത വിദ്യാലയം

## വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട്

തീയതി :- ജില്ല :-

| ക്രമ നമ്പർ | വിഷയം | നടപ്പിലാക്കിയ സ്കൂളുകളുടെ എണ്ണം | നടപ്പിലാക്കാത്ത സ്കൂളുകളുടെ എണ്ണം | നടപ്പിലാക്കാത്ത സ്കൂളുകളുടെ പേരും മേൽവിലാസവും |
|---|---|---|---|---|
| 1 | കോട്പ - 2003, വകുപ്പ് 4 & 6 പ്രകാരമുള്ള ബോർഡുകൾ പ്രദർശിപ്പിക്കുന്നത് സംബന്ധിച്ച് | | | |
| 2 | നോഡൽ ഓഫീസറെ നിയമിക്കുന്നതു സംബന്ധിച്ചത് | | | |
| 3 | പുകയില വിമുക്ത വിദ്യാലയത്തിന് കൈകൊണ്ട നടപടികൾ | | | |
| | ആകെ | | | |

അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
(ആവശ്യമെങ്കിൽ പ്രത്യേകം കടലാസുകൾ ഉപയോഗിക്കുക)

റിപ്പോർട്ട് തയ്യാറാക്കിയത്

ഒപ്പ്/പേര്/സ്ഥാനപേര്

(ഓഫീസ് മുദ്ര)

## അനുബന്ധം 3

## പുകയില വിമുക്ത വിദ്യാലയം

## പ്രദർശിപ്പിക്കേണ്ട ബോർഡുകൾ

## മാതൃക

1. "പുകവലി വിമുക്ത സ്ഥലം - ഇവിടെ പുകവലി ശിക്ഷാർഹം" എന്ന് മലയാളത്തിൽ എഴുതിയ 60 സെ. മീ x 30 സെ.മീ വലിപ്പത്തിലുള്ള ബോർഡുകൾ കോട്പ 4-ാം വകുപ്പു പ്രകാരം വിദ്യാലയത്തിന്റെ പ്രവേശന കവാടത്തിൽ ശ്രദ്ധിക്കുന്ന തരത്തിൽ പ്രദർശിപ്പിക്കണം.




ആരെങ്കിലും പുകവലിക്കുന്നത് കണ്ടാൽ ഈ വിലാസത്തിൽ പരാതിപ്പെടാം.

2. നിയമത്തിലെ ആറാം വകുപ്പു പ്രകാരം വിദ്യാലയത്തിന്റെ ചുറ്റുമതിen\v ]pd¯v ശ്രദ്ധയാകർഷിക്കുന്ന തരത്തിൽ 'വിദ്യാലയത്തിന്റെ 100 യാർഡ് ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. ലംഘിക്കുന്നത് കോട്പ - 2003, 24-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമാണ്'.

| |
|---|
| 'വിദ്യാലയത്തിന്റെ 100 യാർഡ് ചുറ്റളവിൽ പുകയില ഉൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നത് കർശനമായി നിരോധിച്ചിരിക്കുന്നു. ലംഘിക്കുന്നത് കോട്പ - 2003, 24-ാം വകുപ്പ് പ്രകാരം ശിക്ഷാർഹമാണ്'. |